"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ക്ഷീരകർഷക സംഗമം - പടവ് 2026 ന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.256/2026/LSGD    തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:- 1. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 17-12-2025 ലെ DDDKER/3267/2025-TC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2026 ജനുവരി 18 മുതൽ 22 വരെ കൊല്ലം ആശ്രാമം മൈതാനത്തിൽ വെച്ച് ക്ഷീര വികസന വകുപ്പ് സംഘടിപ്പിച്ച സംസ്ഥാന ക്ഷീരകർഷക സംഗമം "പടവ് 2026 " ന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ പരാമർശം അപേക്ഷ ക്ഷീര വികസന വകുപ്പ് ശിപാർശ ചെയ്തു ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ജനുവരി 18 മുതൽ 22 വരെ കൊല്ലം ആശ്രാമം മൈതാനത്തിൽ വെച്ച് സംഘടിപ്പിച്ച ക്ഷീരകർഷക സംഗമം പടവ് - 2026 ന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി കൊല്ലം ജില്ലാപഞ്ചായത്തിൽ നിന്നും കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ , ഗ്രാമപഞ്ചായത്തുകൾ , മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്നും 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും കൊല്ലം കോർപ്പറേഷനിൽ നിന്നും 20,000/-(ഇരുപതിനായിരം രൂപ മാത്രം) രൂപയും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 03-02-2026 10:37:58

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.